# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.2015 — 07/03/2017-ൽ മറുപടിക്ക്

## കല്ല്യാശ്ശേരി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) ഫയർ സ്റ്റേഷൻ നിലവിലില്ലാത്ത കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഫയർസ്റ്റേഷൻ സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടിയിൽ പുതിയ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് അനുയോജ്യമായി കണ്ടെത്തിയിട്ടുള്ള മടായിപാറയിലെ 50 സെന്റ് ഭൂമി മലബാർ ദേവസ്വം ബോർഡിൽ നിന്ന് ഫയർ& റെസ്ക്യൂ വകുപ്പിന് കൈമാറി കിട്ടുന്ന മുറയ്ക്ക് ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി) മാടായിപ്പാറയിൽ വേനൽക്കാലത്ത് കൂടെക്കൂടെ ഉണ്ടാവുന്ന തീപിടുത്തത്തിന് പരിഹാരമായി പരിയാരം മെഡിക്കൽ കോളേജ്, ആയുർവ്വേദ കോളേജ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്ന മണ്ഡലത്തിൽ ഫയർസ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) പരിയാരം മെഡിക്കൽ കോളേജ് പരിസരത്ത് ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് താൽക്കാലികസൗകര്യം ഒരുക്കുന്നതിന് സ്ഥലവും കെട്ടിടവും അനുവദിക്കുന്നതാണെന്ന് മെഡിക്കൽ കോളേജ് അധികൃതർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ